Vol.8 No.2, October - December 2016

# MITHRAM

A Publication of Kristuraj Church - Marol



# MITHRAM

**A Quarterly News Bulletin of Kristuraj Church, Marol**

**Vol. 8 No. 2** **(For Private Circulation only)** **Oct. - Dec. 2016**

**Parish Priest**
Rev. Fr. Abraham Koottakkara

**Editorial Board**
Mr. Johnson Chiriyath
Mrs. Annie Paul
Mrs. Bini Thomas

**Special Thanks**
Mr. V. M. George
Mr. K. V. Varkey
Mrs. Annie Francis

**Address**
Kristuraj Church,
Marol Village,
Mumbai - 400 059.
Tel.: 29205050

**Published by**
Kristuraj Church,
Syro - Malabar Parish
Marol, Mumbai.

**Printed at**
Ideal Printers
Powai, Mumbai - 400 076.
9892142204

**Cover Design**
Mrs. Bini Thomas

## THE COVER STORY

All of us have experienced a waiting period in our lives, waiting with hope for some good news or for the betterment of our lives. December is a time of waiting or Advent. A time when we are exhorted to prepare our hearts and homes as we wait to welcome Jesus.

See the picture of the Holy Family on the cover page reminding us that Christmas is here. It brings to mind a cold wintry night when the savior was born in the little town of Bethlehem of Judea. However, the nativity scene radiates warmth and comfort. It brings hope and joy.

We are also waiting for the New Year. It is the time to be thankful for the many blessings we have received. We may have experienced some painful moments in our lives during the year, but we know that our loving God has inscribed each one of us in the palm of His hands. He always blesses us, sometimes in disguise.

Let us pray that we may be guided by the light of the Holy Spirit and be confident witnesses to Christian hope and joy in all we meet. Happy Christmas and a Blessed New Year!

- Bini Thomas

## Prayer for the New Year

Heavenly Father, we thank You
For the year that has passed and
The many blessings You have
Showered on us in time
We beg pardon for our
Many failings and trespasses
And we pray that the coming year
Be a more fruitful one.
We earnestly pray for the gift of
The Holy Spirit and we call upon
Our Lord Jesus Christ for
His inspirations, His guidance and
His light to shine in our path.

# ഹൃദയത്തിൽ ഇടം തേടി ഇതാ ഒരു ക്രിസ്മസ് കാലം



ലോകമാകെയുള്ള ജനതയ്ക്ക് സമാധാന സന്ദേശവും ക്രൈസ്തവർക്ക് ദിവ്യരക്ഷകന്റെ അവതാര വാർത്തയുമായി ക്രിസ്മസ് ദിനങ്ങൾ നമ്മെ തേടി എത്തുകയായി. ബൈബിളിലെ അസന്നിഗ്ദ്ധ സത്യങ്ങൾ സുവിശേഷ രചയിതാക്കൾ ഏതാനും വാക്യങ്ങളിൽ ഒതുക്കുന്നുണ്ട്. സുവിശേഷങ്ങളിൽ വി. മത്തായിയും, വി. ലൂക്കായും മാത്രമാണ് യേശുവിന്റെ തിരു ജനനത്തെപ്പറ്റി പ്രതിപാദിക്കുന്നത്. എന്നാൽ അതാകട്ടെ ഏതാനും ചെറിയ വാക്യങ്ങളിലും വാചകങ്ങളിലും ജനന സംബന്ധിയായി കാര്യങ്ങളെക്കുറിച്ച് (യേശുവിന്റെയും, സ്നാപകയോഹന്നാന്റെയും) വളരെ വിശദമായി സുവിശേഷങ്ങളുടെ ആരംഭത്തിൽ പ്രതിപാദിക്കുന്നു. വി. ലൂക്കാ അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. (ലൂക്കാ. 2, 6) എന്നു മാത്രമാണ് യേശുവിന്റെ ജനനത്തെക്കുറിച്ച് പറയുക. അവതരണത്തിലെ വാക്യങ്ങളുടെ ബാഹുലതകൾകൊണ്ടോ ആവർത്തിച്ചുള്ള പ്രയോഗങ്ങൾ കൊണ്ടോ സ്ഥാപിക്കപ്പെടേണ്ടതല്ല രക്ഷകന്റെ ജനനം എന്നതിലാവാം അത്.

വി. ലൂക്കായുടെ സുവിശേഷത്തിൽ യേശുവിന്റെ ജനനം വിവരിക്കുന്ന രണ്ടാം അദ്ധ്യായം 1 മുതൽ 5 വരെയുള്ള വാക്യങ്ങൾ, ഈ സംഭവത്തിന്റെ ഭൗതികവും ചരിത്രപരവുമായ തെളിവുകൾ നൽകാൻ വേണ്ടി ഉപയോഗിച്ചിട്ടുള്ളതാണ്. അഗസ്റ്റസ് സീസർ നടത്തിയിട്ടുള്ളതായി പറയുന്ന ജനസംഖ്യാ കണക്കെടുപ്പ് ചരിത്രത്തിന്റെ ഭാഗമാണെങ്കിൽ യേശുവിന്റെ ജനനവും ചരിത്രപരമായ സത്യമാണെന്നു സാക്ഷ്യപ്പെടുത്തുകയാണ് ഈ വേദഭാഗം.

യേശുവിന്റെ ജനനം എന്തുകൊണ്ട് കാലിത്തൊഴുത്തിലായി എന്നതിന് സുവിശേഷം നല്കുന്ന ഉത്തരം ദൈവഹിതം അപ്രകാരമായിരുന്നു എന്നതല്ലാ, മറിച്ച് സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല എന്നതാണ്. ദൈവപുത്രന് ജനിക്കാൻ സത്രത്തിൽ സ്ഥലം തരപ്പെടുത്താൻ ദൈവത്തിന് കഴിയാഞ്ഞിട്ടല്ല കാലികൂട്ടിലേക്ക് യാത്രയായത്. പിന്നെയോ വലിയ ഒന്നിന്റെ എളിയ ആരംഭം കാണിച്ചു തരുന്നതിനാണ്.

നല്ലതിനും നന്മയ്ക്കും ലോകത്തിൽ ഇടം കിട്ടാത്ത അവസ്ഥയിലേയ്ക്ക് മനുഷ്യജീവിതം ചുരുങ്ങുകയാണ്. ഇന്ന് നല്ല വിശേഷങ്ങൾ സത്രത്തിൽ നിന്നും കാലിത്തൊഴുത്തിലേക്ക് കുടിയിറക്കപ്പെടുകയാണ്. പ്രശസ്തരായ വ്യക്തികളുടെ ജനനസ്ഥലവും വീടുമൊക്കെ പ്രശസ്തങ്ങളാണ്. ക്രിസ്മസ് നാളിൽ ഒരായിരം വട്ടം അനുസ്മരിക്കുന്ന പുൽകൂടിനും കാലിത്തൊഴുത്തിനുമെങ്ങനെ ആ ഓർമ്മ കൈവന്നു? ഒരു പക്ഷേ നസ്രത്തിലെ ഒരു സത്രത്തിന് ലഭിക്കാമായിരുന്ന ഓർമ്മയുടെ സുകൃതങ്ങൾ എങ്ങനെ അതിനു നഷ്ടമായി? സത്രവും കാലിത്തൊഴുത്തും ഇന്നത്തെ മനുഷ്യന്റെ രണ്ടു പ്രതിരൂപങ്ങളാണ്. യേശുവിന് ജനിക്കാൻ ഇടമില്ലാതെ പോയ അടയ്ക്കപ്പെട്ട സത്രം പോലെ നിലകൊള്ളുന്ന മനുഷ്യ ഹൃദയങ്ങൾ, കാത്തിരിക്കാൻ ആളില്ലാത്ത, ഓർക്കുമ്പോൾ വൃത്തികേടിന്റെയും അറപ്പുളവാക്കുന്ന ദുർഗന്ധത്തിന്റെയും സാന്നിദ്ധ്യമുള്ള കാലിത്തൊഴുത്തിലെ പുൽകൂട്ടിൽ, യേശു പിറന്നപ്പോൾ തൊഴുത്തിനും മഹിമ കൈവന്നു. ഉള്ളിലെ പുൽക്കൂട്ടിൽ പിറന്നുവീണ ഉണ്ണിയേശു കാലിത്തൊഴുത്തിനു പുണ്യസ്മരണ നല്കിയതുപോലെ സത്രം കണക്കെ കാത്തു സൂക്ഷിക്കുന്ന നിന്റെ ജീവിതത്തിൽ യേശു വന്നു പിറക്കുമ്പോൾ നിന്റെ ജീവിതവും മഹത്തരമാകും.

ദൈവം ഒഴികെ ജീവിതത്തിൽ മറ്റെല്ലാറ്റിനും ഇടമുണ്ടിന്ന്, ലോകവും ചിന്തയും അതിനായി മനുഷ്യനെ നിർബന്ധിക്കുന്നു. ആയിരം പുൽക്കൂടുകളിൽ പിറക്കുന്ന ഉണ്ണിയേശു എന്റെ ഹൃദയത്തിൽ പിറക്കുന്നില്ലെങ്കിൽ ഞാനും വിസ്മരിക്കപ്പെട്ടവനാണ്. ഈ ലോക തത്വമനുസരിച്ച് ഇടിച്ചുകയറാൻ കെല്പുള്ളവനേ പിടിച്ചു നിൽക്കാൻ സാധിക്കൂ. സാധനങ്ങൾ വിറ്റഴിക്കപ്പെടാൻ വേണ്ടി ഉപയോഗിക്കുന്ന പരസ്യമെന്ന വിപണന തന്ത്രവും അതു തന്നെ. ഇല്ലാത്തതിനെ പരസ്യത്തിന്റെ മായാവലയത്തിൽ ഉണ്ടെന്നു വരുത്തിതീർത്ത് ഹൃദയത്തിൽ ഇടം നേടുന്നു. മനുഷ്യനിൽ ജന്മം കൊള്ളാൻ ആഗ്രഹിക്കുന്ന ദൈവം ഇടിച്ചുകയറാറില്ല. വാതിൽക്കൽ കാത്തു നിന്ന് മുട്ടിവിളിക്കാൻ തയ്യാറാണവൻ. ഉത്തരം ഇല്ലായെന്നാണെങ്കിലോ, വശങ്ങളിലേക്ക് മാറ്റി നിർത്തപ്പെട്ടവർ എന്ന് സമൂഹം മുദ്രകുത്തിയവരിൽ അവന് ജനിക്കാൻ ഇടമുണ്ടാകും. ഈ ക്രിസ്മസ് നാളിൽ നമ്മുടെ ചിന്തകൾക്കിടയിൽ, മനോഭാവങ്ങൾക്കിടയിൽ, ജീവിത വ്യഗ്രതകൾക്കിടയിൽ, ആഗ്രഹങ്ങൾക്കിടയിൽ, വ്യക്തി ബന്ധങ്ങൾക്കിടയിൽ, പിറക്കാൻ ഇടം തേടുന്ന യേശു ഉണ്ടെന്നറിയുക. ഒരിടമൊരുക്കു അവനു ജീവിതത്തിൽ പിറവിയെടുക്കാൻ നമ്മുടെ ഹൃദയങ്ങളെ ഒരുക്കാം.

Fr. Abraham Koottakkara MCBS



- Sinnora Varghese



- Sarah Anil




1st prize - Poster competiton - Forane Level

-Nithin, Justin.T, Lijohn and Haritha

# പിതൃവേദി വാർത്തകൾ

ക്രിസ്തുരാജ് പള്ളിയുടെ പ്രവർത്തനങ്ങളിൽ പിതൃവേദി പ്രസിഡണ്ട് മി. ടോം ജോസ്, ട്രഷറർ മി. ഇ. എൽ ഡേവിസ് എന്നിവരുടെ നേതൃത്വത്തിൽ വികാരിയച്ചനോടും കമ്മറ്റിക്കാരോടും ചേർന്ന് സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. രണ്ടുമാസത്തിലൊരിക്കൽ, വികാരിയച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് കൂടി തീരുമാനങ്ങൾ എടുക്കുന്നു. ഒക്ടോബറിൽ നമ്മുടെ ഇടവകയിൽ നടന്ന കൊന്ത നമസ്കാരത്തിൽ ഈ വർഷം ആദ്യമായി ഒരു ദിവസം പിതൃവേദി നേതൃത്വം കൊടുത്തു.

സെപ്തംബറിൽ നടന്ന ഓണാഘോഷ പരിപാടിയിൽ പിതൃവേദി അംഗങ്ങളുടെ കാര്യമായ സഹകരണം ഉണ്ടായിരുന്നു. ലേലംവിളി അവർ വാശിയോടെ തന്നെ മുന്നോട്ടു നയിച്ചു. ഒക്ടോബർ 29 മുതൽ നവംബർ 1 വരെ ഐരോളി പട്നി ഗ്രൗണ്ടിൽ ബഹുമാനപ്പെട്ട ഫാദർ ഡൊമിനിക് വാളമ്നാൽ നേതൃത്വം നൽകിയ കൺവെൻഷനിൽ നമ്മുടെ അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവുമുണ്ടായിരുന്നു.

നവംബർ 17 മുതൽ 20 വരെ നടന്ന ക്രിസ്തു രാജന്റെ തിരുനാളിലും ഡിസംബർ 2,3,4 തിയതികളിൽ നടന്ന വാർഷിക ധ്യാനത്തിലും പിതൃവേദി അംഗങ്ങളുടെ സഹകരണം ഉണ്ടായിരുന്നു. ഇടവക ദിനത്തോടനുബന്ധിച്ചു നടന്ന കലാപരിപാടികളിലും അംഗങ്ങൾ പങ്കെടുത്തു. പിതാക്കന്മാരുടെ ഗ്രൂപ്പ് ഡാൻസ് എല്ലാവരേയും വിസ്മയിപ്പിക്കുന്നതായിരുന്നു. ഇ. എൽ. ഡേവിസ് നേതൃത്വം കൊടുത്ത് സാബുജോസഫ്, ജോസഫ് പി. വി., ആന്റണി എ. സി. തോമസ് കെ. ഓ, ഡേവിസ് ഇ. എൽ. , ജോജി ജോർജ്ജ്, ടോം ജോസ്, ജോസഫ് പി. എസ്. എന്നിവർ താരങ്ങളായി അരങ്ങു തകർത്തു. ഇടവകയുടെ പ്രവർത്തനങ്ങളിൽ എപ്പോഴും നിറസാന്നിദ്ധ്യമായി അംഗങ്ങൾ നിലകൊള്ളുന്നു. പിതൃവേദിയുടെ രൂപതാ അടിസ്ഥാനത്തിലുള്ള എല്ലാ പരിപാടികളിലും അംഗങ്ങൾ ആത്മാർത്ഥമായി പങ്കെടുക്കുന്നു.

പിതൃവേദിയുടെ ധനശേഖരണാർത്ഥം ഒരു ലക്ഷം രൂപയുടെ ഒരു കുറി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. കഴിഞ്ഞലക്കത്തിൽ എഴുതിയതുപോലെ ഇപ്പോഴും വളരെ കുറവ് അംഗങ്ങളേ ഉള്ളു എന്നത് വേദനാജനകമാണ്. കൂടുതൽ പേരുടെ അംഗത്വവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് പിതൃവേദിക്കുവേണ്ടി

സെക്രട്ടറി, ഫ്രാൻസിസ് സി. ജെ.

MITHRAM invites you to share your thoughts, poems, short stories, anecdotes, recipes and hobbies!!

Advertise your business or announce birthdays, anniversaries and special occasions. Place classified advertisements for buying / selling / renting. Write to us at : mithramkristuraj@gmail.com

| | |
|---|---|
| **Premium Ads BackCover Full Page** | **Rs.5000/-** |
| **Gold Ads Front Inside Cover Full Page** | **Rs.4000/-** |
| **Silver Ads Back Inside Cover Full Page** | **Rs.3000/-** |
| **Middle Full Page (Color)** | **Rs.3000/-** |
| **Inside Full Page (Black and White)** | **Rs.1000/-** |
| **Inside Half Page (Black and White)** | **Rs. 750/-** |

# മാതൃസംഘം റിപ്പോർട്ട്

ജൂലായ് 24-ാം തിയ്യതി ഞായറാഴ്ച കല്യാൺ കത്തീഡ്രൽ ദൈവാലയത്തിലെ കരുണയുടെ വാതിൽ തീർത്ഥാടനത്തിൽ നമ്മുടെ ഇടവകയിൽ നിന്നും നിരവധി അമ്മമാർ പങ്കെടുത്തു. ആഗസ്റ്റ് 14-ാം തിയ്യതി പവായ് സെൻറ് ജോസഫ് ദൈവാലയത്തിൽ നടത്തപ്പെട്ട സാമൂഹിക മാദ്ധ്യമവും അമ്മമാരും എന്ന വിഷയത്തെക്കുറിച്ച് മി. തോമസ്, ഫാ. ഷിബു പുളിക്കൽ എന്നിവരുടെ ചർച്ചയിലും സെമിനാറിലും നമ്മുടെ ഇടവകയിലെ അമ്മമാർ പങ്കെടുക്കുകയുണ്ടായി. ആ ക്ലാസ് എവർക്കും ഒരു പ്രചോദനമായിരുന്നു.

ആഗസ്റ്റ് 25-ാം തിയ്യതി മാതൃസംഘത്തിന്റെ സോണൽ മീറ്റിംഗ് എം. സി. ബി. എസ്. ഹൗസിൽ വെച്ച് നടത്തപ്പെട്ടു. മീറ്റിംഗിൽ നമ്മുടെ അമ്മമാർ പങ്കെടുക്കുകയും വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിച്ച സെപ്റ്റംബർ 4-ാം തിയ്യതി നമ്മുടെ ദൈവാലയത്തിലെ അമ്മമാർ മാതൃദിനമായി ആചരിച്ചു. അന്നേ ദിവസം വികാരിയച്ചൻ ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞ എല്ലാ അമ്മമാരും ഏറ്റു ചൊല്ലുകയും ദിവ്യബലിയിലെ ആരാധനാ ഗാനങ്ങൾ, ബൈബിൾ വായന എന്നിവയ്ക്ക് അമ്മമാർ തന്നെ നേതൃത്വം കൊടുക്കുകയും ചെയ്തു. യുവജനങ്ങളുടെ ലീഡറായി തിരഞ്ഞെടുത്ത മി. നിഖിൽ അമ്മമാരെക്കുറിച്ച് രണ്ട് വാക്ക് സംസാരിക്കുകയുണ്ടായി. ഈ വർഷം വിവാഹത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ശ്രീമതിമാർ ബിനി തോമസ്, ആനി ജോർജ്ജ്, ലിസി തോമസ്, എന്നിവരെ അന്നേ ദിവസം അനുമോദിക്കുകയുണ്ടായി. കുർബ്ബാനയ്ക്ക്ശേഷം അമ്മമാർ എല്ലാവർക്കും മധുരം വിതരണം ചെയ്തു.

സോണൽ തലത്തിൽ സെപ്റ്റംബർ 10-ാം തിയ്യതി നടത്തിയ റ്റാറ്റ മെമ്മോറിയൽ ആശുപത്രി സന്ദർശനത്തിൽ നമ്മുടെ ദൈവാലയത്തിൽ നിന്ന് പതിമൂന്ന് അമ്മമാർ പങ്കെടുക്കുകയും കഴിയും വിധം സാമ്പത്തിക സഹായം ചെയ്യുകയും ഉണ്ടായി. സെപ്റ്റംബർ മാസം 24-ാം തിയ്യതി സോണൽ തലത്തിൽ നടത്തപ്പെട്ട ബൈബിൾ ക്വിസ് മത്സരത്തിൽ നമ്മുടെ പള്ളിയിലെ അമ്മമാർ ശ്രീമതി സോളി വർഗ്ഗീസ്, ബീന ലീനസ്, റോസി ജോൺസൺ) രണ്ടാം സ്ഥാനം കരസ്ഥമാക്കി.

ഒക്ടോബർമാസം രണ്ടാം തിയ്യതി മാതൃസംഘത്തിന്റെ ഒരു മീറ്റിംഗ് കൂടുകയും സെക്രട്ടറി ശ്രീമതി ലേമ ലൂക്കോസ് റിപ്പോർട്ട് വായിക്കുകയും ട്രഷറർ ശ്രീമതി ബീന പോൾ കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. ഒക്ടോബർ മാസം ആറാം തിയ്യതി നമ്മുടെ ദൈവാലയത്തിൽ നടത്തപ്പെട്ട പരിശുദ്ധ ജപമാലയ്ക്ക് അമ്മമാർ നേതൃത്വം കൊടുത്തു. നവംബർ 27-ാം തിയ്യതി ഇടവകദിനത്തോടനു ബന്ധിച്ച് മാതൃസംഘം അവതരിപ്പിച്ച നൃത്താവിഷ്കാരം എവരുടേയും മനം കവർന്നു.

നമ്മുടെ ദൈവാലയത്തിലെ അമ്മമാർക്ക് ആത്മീയമായും സാമൂഹികമായും കലാപരമായും പ്രചോദനവുമായി നമ്മുടെ മാതൃസംഘം പ്രസിഡണ്ട് ശ്രീമതി ആനി പോളിന് എല്ലാ അമ്മമാരുടെ പേരിലും ഇടവകയുടെ പേരിലും അഭിനന്ദനങ്ങൾ. ബെസ്റ്റ് ടീച്ചർ പുരസ്കാരം നേടിയ ഈ അദ്ധ്യാപിക തന്റെ ഔദ്യോഗിക ജീവിതത്തിലും നല്ലൊരു മാതൃകതന്നെ.

മാതൃസംഘത്തിന് വേണ്ടി,

സെക്രട്ടറി, ലേമ ലൂക്കോസ്

## 10 BIBLICAL NEW YEAR RESOLUTIONS

1. Pray every morning
2. Study a book of the Bible
3. Memorize weekly Bible verse
4. Exercise regularly
5. Eat healthier
6. Read a book on prayer
7. Save money
8. Do something nice for someone
9. Give rather than receive
10. Pray for wisdom

## CHURCHES OF THE WORLD - THE COLOGNE CATHEDRAL

In this issue, we take you through the renowned Cologne Cathedral in Germany. It is the seat of the Catholic Archbishop of Cologne.

The Cathedral covers about 8000 square meters of floor space and can accommodate more than 20,000 people. It is one of the most beautiful examples of Gothic and Neo Gothic architecture in the world. At a height of 157 meters (515 ft), it holds the honour of being the tallest twin spire church. The Cathedral is Germany's most visited landmark attracting an average crowd of 20,000 people per day.



The foundation stone for the construction of this Cathedral was laid on August 15, 1248, the feast of the Assumption of Blessed Virgin Mary. The work was halted in 1473 leaving it unfinished. The work resumed early in the 19th century and was completed in 1880. Over seven centuries, successive builders were inspired by the same faith and a spirit of absolute fidelity to the original plan. Apart from its exceptional intrinsic value and its artistic masterpieces, Cologne Cathedral testifies to the enduring strength of European Christianity.

During World War II, the Cathedral was subjected to 14 aerial bombings. It is nothing short of a miracle that although 72% of the city of Cologne was destroyed, the Cathedral survived the war.

All the work, from the 13th to the 19th century, was carried out with scrupulous respect for the original design, and this tradition was continued in the post world war II reconstruction. In this respect, Cologne Cathedral may be considered to be sui generis and hence its authenticity is absolute.

## THE SHRINE OF THE THREE KINGS



The Cathedral is traditionally believed to hold the remains of the Three Kings brought from Milan by Archbishop Rainald in 1164. These relics make the cathedral one of the most important pilgrimage destinations in Europe.



## THE BELL OF ST. PETER

The 24 ton bell of St. Peter in this Cathedral is the largest swinging ringable bell in the world. It hangs in the belfry of the south tower. You can imagine how gigantic the bell is if you observe the person standing in the picture.

## THE GERO CRUCIFIX



This 10th century crucifix is the oldest known large crucifix north of the Alps and has always been displayed in Cologne Cathedral. It was commissioned by Gero, Archbishop of Cologne, who died in 976. It is carved in oak, and painted and partially gilded-both have been renewed. The halo and cross-pieces are original, but the Baroque surround was added in 1683. The figure is 187 cm high, and the span of the arms is 165 cm. The Gero Cross is important to medieval art for the unique way it depicts Christ. It is the first monumental depiction of the crucified Christ on the Cross and the first monumental sculpture dating from this period. Standing over six feet tall, it was one of the largest crosses of its time.

Due to the Cathedral's impressive Gothic architecture, the shrine of the Three Kings, the outstanding glass windows and many other important works of art, UNESCO declared the Cologne Cathedral a world heritage site in 1996.

- **Mrs. Rosy Johnson** (St. John Unit)

## LEARNING MALAYALAM

In the previous issue we learnt the Vowels or Swaram. We are now ready to learn the Consonants or Vyanjanam. The first row contains the consonants in Malayalam; second row is a guide to its pronunciation. The next three rows may be used to write and learn.

| | | | | |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |
| ka | kha | ga | gha | inga |
| ക | ഖ | ഗ | ഘ | ങ |
| ക | ഖ | ഗ | ഘ | ങ |
| ക | ഖ | ഗ | ഘ | ങ |

| | | | | |
|---|---|---|---|---|
| ച | ഛ | ജ | ഝ | ഞ |
| cha | chha | ja | jha | inha |
| ച | ഛ | ജ | ഝ | ഞ |
| ച | ഛ | ജ | ഝ | ഞ |
| ച | ഛ | ജ | ഝ | ഞ |

| | | | | |
|---|---|---|---|---|
| ട | ഠ | ഡ | ഢ | ണ |
| ta | tta | da | dda | na |
| ട | ഠ | ഡ | ഢ | ണ |
| ട | ഠ | ഡ | ഢ | ണ |
| ട | ഠ | ഡ | ഢ | ണ |

| | | | | |
|---|---|---|---|---|
| ത | ഥ | ദ | ധ | ന |
| tha | thha | dha | dhha | na |
| ത | ഥ | ദ | ധ | ന |
| ത | ഥ | ദ | ധ | ന |
| ത | ഥ | ദ | ധ | ന |

| | | | | |
|---|---|---|---|---|
| പ | ഫ | ബ | ഭ | മ |
| pa | ffa | ba | bha | ma |
| പ | ഫ | ബ | ഭ | മ |
| പ | ഫ | ബ | ഭ | മ |
| പ | ഫ | ബ | ഭ | മ |

| | | | | |
|---|---|---|---|---|
| യ | ര | റ | ല | വ |
| ya | ra | rha | la | va |
| യ | ര | റ | ല | വ |
| യ | ര | റ | ല | വ |
| യ | ര | റ | ല | വ |

| | | | | | |
|---|---|---|---|---|---|
| ശ | ഷ | സ | ഹ | ള | ഴ |
| sha | shha | sa | ha | lha | zha |
| ശ | ഷ | സ | ഹ | ള | ഴ |
| ശ | ഷ | സ | ഹ | ള | ഴ |
| ശ | ഷ | സ | ഹ | ള | ഴ |

- Bini Thomas
St. Mary's Unit

# ഒരു മകന്റെ ക്രിസ്തുമസ് സമ്മാനം

എന്തോ പരുങ്ങുന്ന ശബ്ദം കേട്ടാണ് കത്രീന ചേട്ടത്തി എഴുന്നേൽക്കുന്നത്. നേരം വെളുത്ത് വരുന്നതേയുള്ളൂ. ജനൽപാളികളുടെ ഇടയിൽകൂടി അകത്തേക്ക് വന്ന നേരിയ വെളിച്ചത്തിലാണ് കത്രീന ചേട്ടത്തി അത് ശ്രദ്ധിച്ചത്. ദേവസ്സി ചേട്ടൻ ഒരു പഴയ പെട്ടി കട്ടിലിന്റെ അടിയിൽ നിന്ന് വലിച്ച് എടുക്കുന്നു.

“എന്താ നിങ്ങൾ ഈ പുലർച്ചെ എഴുന്നേറ്റ് ഇരുന്ന് ചെയ്യുന്നത്?” കത്രീന ചേട്ടത്തി ചോദിച്ചു. “എടി നാളെ ക്രിസ്തുമസ്സല്ലേ! ആ രൂപങ്ങളും നക്ഷത്രവുമെല്ലാം ഒന്നെടുക്കാനായിട്ടാ. ഈ പെട്ടിയിൽ തന്നെയല്ലേ നീ അത് വച്ചിരിക്കുന്നത്.” “ഈ എഴുപതാമത്തെ വയസ്സിലാണോ പുൽക്കൂട് ഉണ്ടാക്കി ക്രിസ്തുമസ്സ് ആഘോഷിക്കാൻ പോണത്?” കട്ടിലിൽ നിന്ന് പതുക്കെ എഴുന്നേൽക്കുന്നതിനിടയിൽ കത്രീന ചേട്ടത്തി ചോദിച്ചു.

“എടി നമ്മുടെ ജോണിക്കുട്ടിയും കെട്ടിയവളും പിള്ളേരും ഈ ക്രിസ്തുമസ്സിന് വരുമെന്നല്ലോ പറഞ്ഞത്. അമേരിക്കയിൽ നിന്ന് വരുന്നതല്ലേ, പിള്ളേർക്ക് ക്രിസ്തുമസ്സ് ആണെന്നൊക്കെ തോന്നണ്ടേ,” കത്രീന ചേട്ടത്തിക്ക് ചിരിവന്നു. കാണിക്കുന്ന കണ്ടാൽ തോന്നും നാളെ വരുന്നുണ്ടെന്ന്, അവൻ ഇന്നലെ വിളിച്ചു പറഞ്ഞതാണെന്ന്. അവൻ കഴിഞ്ഞ ക്രിസ്തുമസ്സിന് വിളിച്ചപ്പോൾ പറഞ്ഞതല്ലേ അടുത്ത ക്രിസ്തുമസ്സിന് ഞാൻ വരാമെന്ന്. നിങ്ങൾ അപ്പോഴേക്കും അത് കാര്യമാക്കി എടുത്ത്, ഇത്രനാളും ഓർത്തു നടന്നല്ലോ. അവൻ കഴിഞ്ഞ അഞ്ച് കൊല്ലമായിട്ട് പറയാറുള്ളതല്ലേ ഇത്.

പഴയ ആ പെട്ടി പൊടിയെല്ലാം തട്ടി തുറക്കുന്നതിനിടയിൽ ദേവസ്സി ചേട്ടൻ പറഞ്ഞു നമുക്ക് ഓർത്തിരിക്കാൻ മറ്റിരി കാര്യങ്ങളൊന്നുമില്ലല്ലോ. അല്ല നമുക്ക്  ഓർക്കാൻ എന്താ ഉള്ളത്. ഇത് ഓർത്ത് ഓർത്ത് ഈ ദിവസവും കാത്തിരുന്ന് ഒരു കൊല്ലം പോയത് അറിഞ്ഞില്ല. കത്രീന ചേട്ടത്തിക്ക് ദ്വേഷ്യം വന്നു. അവൻ വരാനൊന്നും പോകുന്നില്ല. നിങ്ങൾക്ക് വേറെ പണിയില്ലേ?

അല്ല നിന്റെ വർത്തമാനം കേട്ടാൽ തോന്നും നിനക്ക് അവനെ കാണാൻ ആഗ്രഹം ഇല്ലെന്ന്, ദേവസ്സി ചേട്ടൻ ചോദിച്ചു.

കത്രീന ചേട്ടത്തിക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. പൊട്ടി പൊട്ടി കരഞ്ഞു. ദേവസ്സി ചേട്ടന്റെ കൈയ്യിൽ പിടിച്ചുകൊണ്ട് പറഞ്ഞു. ആര് പറഞ്ഞു എനിക്കും ആഗ്രഹമില്ലെന്ന്. കഴിഞ്ഞ അഞ്ച് കൊല്ലം ആയില്ലേ നിങ്ങൾ ഈ പെട്ടി പൊടീം തട്ടി എടുക്കുന്നത്. എന്നിട്ട്  എന്താ... ജോണിമോനും പിള്ളേരും വന്നില്ലല്ലോ എന്നും പറഞ്ഞ് നിങ്ങൾ ആ പെട്ടി തിരിച്ച് കട്ടിലിന്റെ അടിയിലേക്ക് തന്നെ തള്ളും. അതാണല്ലോ പതിവ്. നമ്മളെ ഓർക്കാൻ അവന് എവിടെയാ നേരം. കത്രീന ചേട്ടത്തി സങ്കടം സഹിക്കാനാവാതെ കരഞ്ഞുകൊണ്ട് പറഞ്ഞു.

ദേവസ്സി ചേട്ടൻ കത്രീന ചേട്ടത്തിയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. അങ്ങനെയൊന്നും പറയല്ലേ. അവൻ എല്ലാ ക്രിസ്തുമസ്സിനും നമ്മളെ വിളിക്കാറില്ലേ. നമ്മളെ ഓർക്കുന്നത് കൊണ്ടല്ലേ അവൻ വിളിക്കുന്നത്.

ഉവ്വ് ഉവ്വ് നിങ്ങൾക്ക് അവൻ വിളിക്കുന്നത് എന്തിനാണെന്ന് മനസ്സിലായില്ല അല്ലേ? കത്രീന ചേട്ടത്തി ചോദിച്ചു. എത്ര ക്രിസ്തുമസ്സായി കഴിയുന്നു. ഇനിയും നിങ്ങൾക്ക് ഇതുവരെ മുകളിലേക്ക് പോകാറായില്ലേ, എന്ന് എല്ലാ കൊല്ലവും വിളിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നതാണ് അവൻ.

അല്ല, ഇപ്രാവശ്യം അവൻ എന്തായാലും വരും. എന്റെ മനസ്സ് പറയുന്നു, ദേവസ്സിചേട്ടൻ പറഞ്ഞു.

ദേ വടക്കേലെ തോമസ് പോകുന്നു. ഇറച്ചി മേടിക്കാനാണെന്ന് തോന്നുന്നു. നിങ്ങള് അവനോട് നമുക്കും കൂടി എന്തെങ്കിലും വാങ്ങാൻ പറയ്. പോത്തും പോർക്കും മറക്കണ്ട. ജോണിക്കുട്ടിക്ക് ഏറ്റവും ഇഷ്ടമുള്ള സാധനങ്ങളാ അത്. കത്രീന ചേട്ടത്തി പറഞ്ഞ് നിർത്തിയതും ദേവസ്സി ചേട്ടൻ ചോദിച്ചു. അല്ല അപ്പോ നീയും ജോണിക്കുട്ടിയെ പ്രതീക്ഷിച്ച് തന്നെയാ ഇരിക്കുന്നത് അല്ലേ? എന്നോട് വഴക്കിടുന്നതെല്ലാം വെറുതെയാണല്ലേ.

പിന്നെ.... എനിക്ക് അവനെ കാണാൻ കൊതിയില്ലാതിരിക്കുമോ? ഞാൻ അവന്റെ അമ്മയല്ലേ. ആ അത് പോട്ടെ ഇതെല്ലാം വാങ്ങാൻ പൈസ ഉണ്ടാവില്ലേ? അടുത്ത പെൻഷൻ കിട്ടുന്ന ദിവസം വരെ നമുക്ക് ഓടിക്കാനുള്ളതാണ് കേട്ടോ. കത്രീന ചേട്ടത്തി ഓർമ്മിപ്പിക്കാൻ മറന്നില്ല.

രാത്രിയായി, അടുത്ത വീടുകളിൽ നക്ഷത്രങ്ങളും പല നിറങ്ങളിലുള്ള മാല ബൾബുകളും കത്തുന്നുണ്ടായിരുന്നു. ദേവസ്സി ചേട്ടനും ഒരു പഴയ നക്ഷത്രം കത്തിച്ചിട്ടുണ്ടായിരുന്നു. മേശയുടെ മേൽ ഒരു ടർക്കി ടവൽ വിരിച്ച് ഉണ്ണിയേശുവിനെ ഒരിടത്ത് മാറ്റി വച്ച്, മറ്റെല്ലാ രൂപങ്ങളും നിരത്തി വച്ചു. കത്രീന ചേട്ടത്തി അടുക്കളയിൽ ജോണിക്കുട്ടിക്ക് കൊടുക്കുവാനുള്ള ക്രിസ്തുമസ്സ് വിഭവങ്ങൾ ഉണ്ടാക്കുന്ന തിരക്കിലായിരുന്നു. ദേവസ്സിചേട്ടൻ വരാന്തയിൽ ഇരുന്ന് ദീപാലങ്കാരത്തിൽ മുങ്ങി നിൽക്കുന്ന വഴിയും വീടുകളും നോക്കി കാണുകയായിരുന്നു. വഴിയിലൂടെ പോകുന്ന തന്റെ സുഹൃത്തുക്കളോട് ജോണികുട്ടി വരുന്ന കാര്യം പ്രത്യേകിച്ച് എടുത്ത് പറയാൻ ദേവസ്സിചേട്ടൻ മറന്നില്ല.

ഫോണിന്റെ ശബ്ദം കേട്ടിട്ടാണ് ദേവസ്സി ചേട്ടനും കത്രീന ചേട്ടത്തിയും രാവിലെ എഴുന്നേറ്റത്. ഉറക്ക ചടവോടെ പതുക്കെ പോയി ദേവസ്സി ചേട്ടൻ ഫോൺ എടുത്തു. ഹലോ ദേവസ്സിചേട്ടൻ കണ്ണ് തിരുമ്മികൊണ്ട് പറഞ്ഞു ഹാപ്പി ക്രിസ്തുമസ്സ് അപ്പാ, അപ്പുറത്ത് നിന്ന് ജോണികുട്ടിയുടെ ശബ്ദം. ദേവസ്സി ചേട്ടന് ഒന്നും തന്നെ പറയാൻ വാക്കുകൾ വരുന്നുണ്ടായിരുന്നില്ല. ഞങ്ങൾ ഇവിടെ കുർബ്ബാനയ്ക്ക് പോയികൊണ്ടിരിക്കുകയാണ്, ഞാൻ പിന്നെ വിളിക്കാം. അമ്മയോട് പറഞ്ഞേക്കാളോ. ജോണിക്കുട്ടി അപ്പുറത്ത് ഫോൺ വച്ചു. ദേവസ്സി ചേട്ടനും യാന്ത്രികമായി ഫോൺ വച്ച് അനങ്ങാതെ ഫോണിന്റെ അടുത്ത് തന്നെ നിൽക്കുകയാണ്. ഇതെല്ലാം ശ്രദ്ധിച്ച് നോക്കിയിരുന്ന കത്രീന ചേട്ടത്തി, കട്ടിലിൽ നിന്ന് എഴുന്നേറ്റ് തന്റെ മുടി വാരി കെട്ടി ദേവസ്സി ചേട്ടന്റെ അടുത്ത് ചെന്ന് തോളിൽ പിടിച്ച് കൊണ്ട് പതുക്കെ ചോദിച്ചു ജോണിക്കുട്ടി ആയിരുന്നു അല്ലേ? ദേവസ്സി ചേട്ടൻ പതുക്കെ തിരിഞ്ഞ് കത്രീന ചേട്ടത്തിയെ നോക്കി, നമുക്ക് നമ്മൾ മാത്രമെയുള്ളു എന്ന അർത്ഥത്തിൽ കത്രീന ചേട്ടത്തിയുടെ കൈയ്യിൽ ഒന്ന് മുറുകെ പിടിച്ചു. ഇതെല്ലാം കണ്ട് വരാന്തയിൽ തൂക്കിയിരുന്ന നക്ഷത്രം ഇളം കാറ്റിൽ ആടി കൊണ്ട് അവരെ ആശ്വസിപ്പിക്കാൻ ഒരു വിഫല ശ്രമം നടത്തി.

ഡേവിസ് ഇ. എൽ.
സെന്റ് മേരീസ് യൂണിറ്റ്

# YOUTH REPORT

"Let no one despise your youth, but set the believers an example in speech and conduct, in love, in faith, in purity." - 1 Timothy 4:12

Kristuraj Youth continued to chase creativity and achieve success in spite of some shortcomings. In order to learn and teach the traditional values handed down to us from generations, this year also we organized excellent programmes for the Onam celebrations of 2016. The nostalgic pookalam was followed by the mouth watering food stall, amusing games and the lelam. The grand success is attributed to the fact that everybody completed the tasks assigned to them with full dedication. Special thanks to all the members who worked hard during the Onam days.

According to the decision of the Parish council every first Sunday of the month, the Youth will conduct the choir and participate actively in the Holy Mass.

This year for the first time we also participated in maximum number of events for Talentia which was held on 13th November 2016. Talentia is a diocesan level competition held every year for the youth of Kalyan eparchy. We participated in Picture Perfect Debate, One minute to fame, Dubsmash and Musical skit. With God's grace and all our efforts we won the second prize for musical skit among thirty groups. We all returned home feeling blessed and proud to have participated in so many events. Day by day the strength of the Youth in our parish is increasing and this was a proof of that.

This was followed by our much awaited Parish Day when the youth performed entertaining programmes. We also had a fund-raising programme" Guess the weight and gain the Gold." Hearty thanks to all the parishioners who supported us. Mr. Raju Thomas was the lucky winner of the gold cross.

To conclude I would like to heartily thank our youth animator Mr. Ajay Augustine and President Nikhil Louis for their dedication and support. We need the support and prayers of all the parishioners to grow and bloom into strong Christians and spread the strength of our faith.

Merwyn Jose
Secretary

## FUN WITH WORDS

Two words are mixed up in each of the following items. If you find out one word, the other will be its opposite. Example: IOUNT – IN x OUT

Can you solve these?

1. GOLYRBI
2. WPNUOD
3. NAAWMNOM
4. DIGNHATY
5. YYIANNNURS
6. MMWEETRRINUS
7. CILAVELGLYT
8. HOLIGWH
9. NEWFORMILS
10. ACEWLITBHK

# MERCY OF GOD

Long time ago in Bethlehem, there lived a professor named Ronald Weesley. He was the only son of his mother Emma Weesley. His father died at an early age. He was brought up by his mother, who used to toil in the fields in the scorching sun. It was very hard for her to bring up her son in those times. Yet, she managed to give him the best education and guided him on the right path.

Little Ronald grew up and became a well-known professor at Oxford University. Hence, he and his mother migrated to the United Kingdom. There he married a beautiful girl whose name was Hermoinie Granger. Ronald's mother passed away a few months after their wedding.

Ronald and Hermoinie led a beautiful life. Years passed by and he began to lose interest in his wife and left her. He began to admire the beauty of a vicious woman named Lucy. Ronald then began to live with her. He soon became addicted to smoking and drinking. Lucy ruined Ronald's life and he became miserable.

Ronald had two children from his marriage with Hermoinie. Both of them refused to call him their father. They were not happy with his lifestyle. Hence, they left him. His students never spoke to him after class hours.

He wasted his money in enjoying all the materialistic pleasures in life and soon he became poor. Then Lucy left him and went her way. He became ill. During this period, there was no one to look after him; neither neighbours nor students.

When Hermoinie came to know about Ronald's illness, she rushed to meet him. She found him in a very bad condition. He had not bathed for weeks. He did not have food for days. He was starving. Tears rolled down her eyes. She cared and nursed him back to health. However, he did not even repent for his past behaviour.

One night, Ronald suffered a severe attack and he was rushed to the hospital by Hermoinie. Doctors tried their best but failed to revive him. This was a special time when Ronald was in between life and death. He had an illusion wherein a man was showing him his past life. The way he was brought up, his loving and caring wife whom he did not recognize, the vicious woman Lucy, who ruined his life and everything which happened to him. After seeing this he realized that his wife was the one who loved him the most. It was she who sacrificed all her desires for his sake. He then repents over his sins. But the man tells him that it is too late now. He was given many chances earlier to do so but he ignored them.

During his last hours, his wife prayed very hard, she was in tears and begged the Lord to save her husband's life. Suddenly his heart started responding; doctors resumed their efforts to save him. Finally he was back to life. He wanted to meet his wife and ask pardon for his wrong doings. Thereafter they continued to live together helping, loving and caring for each other,

Moral: Though we sin, our merciful God forgives our sins and corrects us. We should remember that each time we sin; we inflict wounds on Christ Jesus. But when we do good and repent over our sins, we heal Christ's wounds.

-Geenisa George
Vimalamatha Unit

# മദർ തെരേസ - കരുണായമ്മ

അൽബേനിയൻ പുത്രി അമ്മ തെരേസേ നീ
ആനന്ദ നഗരത്തിൻ പൊൻ വിളക്കേ
അശരണർ മർദ്ദിതർ പീഢിതർ ഏവരും
കേഴുന്നു അമ്മേ തലോടലിന്നായ്

ലോക സുഖങ്ങളും സമ്മാന ദാനവും
ഏഴകൾക്കായി നീ മാറ്റിവെച്ചു
പോറ്റമ്മയല്ല നീ പെറ്റമ്മയാണെന്ന്
മാലോകരേവരും ഏറ്റു ചൊല്ലി.

പട്ടിണിപ്പാവങ്ങൾ ഒട്ടിയവയറുമായ്
നിൻ ചാരത്തോടിയണഞ്ഞ നേരം
ആഹാരഭിക്ഷയ്ക്കായ് നീട്ടിയ കൈകളെ
നിന്ദിച്ചമർത്ത്യനെ നീ സഹിച്ചു.

നീലക്കരയുള്ള തൂവെള്ള സാരിയിൽ
ആകാശമേഘത്തിൻ ആർദ്രതയിൽ
ശാന്തിതൻ സന്ദേശ വാഹിനി നീയെന്നും
രാത്രി യാമത്തിന്റെ മാലാഖയായ്

മാറിലെ ക്രൂശിത രൂപത്തിൽ നീയെന്നും
അർത്ഥം മെനഞ്ഞുപോൽ പുഞ്ചിരിച്ച്
സഹനമാണീലോക സൂത്രവാക്യം എന്ന്
മാതൃകയാൽ നീ വരച്ചു കാട്ടി.

സ്വർഗ്ഗത്തിലെന്തുണ്ട് വാർത്തകൾ എന്നമ്മേ
നിത്യപിതാവിന് സൗഖ്യമല്ലേ
ഭൂമിയിൽ നീ ചെയ്ത സുകൃതങ്ങളൊക്കെയും
കാണിയ്ക്കയായി നീ ഏകിയെന്നോ?

കൈക്കുഞ്ഞുമായി നിൻ കരസ്പർശ ചിത്രത്തെ
എത്രയാവർത്തി ഞാൻ നോക്കിനില്പു
കാരുണ്യവും നിന്റെ പുഞ്ചിരിയും അമ്മേ
ദിവ്യമോരനുഭൂതിയായി എന്നിൽ

കാരുണ്യ മാലാഖേ നിന്നെ വണങ്ങുന്നു
ഏവരും വാഴുന്ന ഈ ഇഹത്തിൽ
എന്നെന്നും സ്നേഹമായ് സാന്ത്വനമായ് എന്നും
ലോക ജനതയ്ക്ക് വാഴ്ത്തിടുവാൻ

Mrs. Annie Francis
St. Mary's Unit

# Why the Railway Track Width is 4 feet 8.5 inches

**Does the statement, "We've always done it that way" ring any bell...?** The US standard railroad gauge (distance between the rails) is 4 feet, 8.5 inches. That's an exceedingly odd number.

**Why was that gauge used?** Because that's the way they built them in England and English expatriates built the US Railroads.

**Why did the English build them like that?** Because the first rail lines were built by the same people who built the pre-railroad tramways, and that's the gauge they used.

**Why did "they" use that gauge then?** Because the people who built the tramways used the same jigs and tools that they used for building wagons, which used that wheel spacing.

**Okay! But why did the wagons have that particular odd wheel spacing?** Well, if they tried to use any other spacing, the wagon wheels would break on some of the old, long distance roads in England, because that's the spacing of the wheel ruts.

**So who built those old rutted roads?** Imperial Rome built the first long distance roads in Europe (and England) for their legions. The roads have been used ever since.

**And the ruts in the roads...?** Roman war chariots formed the initial ruts, which everyone else had to match for fear of destroying their wagon wheels. Since the chariots were made for Imperial Rome, they were all alike in the matter of wheel spacing.

**The United States standard railroad gauge of 4 feet, 8.5 inches is derived from the original specifications for an Imperial Roman war chariot.**

And bureaucracies live forever. The Imperial Roman war chariots were made just wide enough to accommodate the back ends of two war horses.

**Now the twist to the story...**

When you see a Space Shuttle sitting on its launch pad, there are two big booster rockets attached to the sides of the main fuel tank. These are solid rocket boosters, or SRBs. Thiokol at their factory at Utah makes the SRBs. The engineers who designed the SRBs would have preferred to make them a bit fatter, but the SRBs had to be shipped by train from the factory to the launch site. The railroad line from the factory happens to run through a tunnel in the mountains. The SRBs had to fit through that tunnel. The tunnel is slightly wider than the railroad track, and the railroad track, as you now know, is about as wide as two horses' behinds. So, a major Space Shuttle design feature of what is arguably the world's most advanced transportation system was determined over two thousand years ago by the width of a horse.

- Mr. V.M.George
Little Flower Unit

## CATECHISM REPORT

In keeping with the Year of Mercy, our children together with their teachers visited an old age home in Andheri on the 5th of September. A generous contribution was made for the inmates of the house.The children then took a short trek through the tribal village in Aarey Colony.

Eucharistia, a program for children, was conducted on 7th and 8th of November, the two consecutive Diwali holidays. It was intended to provide an opportunity for the children from 1st to 12th Std. to engage in the fun-filled activities with friends from the Parish. We celebrated Children's Day on the 20th of November with games for all children.

The Youth section had a Forane level program called Insight on 4th December at St. Joseph's Church, Mahakali. It was a three hour programme to assess the impact of Catechism on Youth and to disseminate proper knowledge and conviction on love, sex and how to manage the emotions.

The students had to prepare a short film, scripted skit, street play, power point presentations, posters, collages on the Sacrament of Marriage, Preparation for Marriage, Challenges to the Sacrament of Marriage and Family or any topics related with these chapters. Our students presented short videos and power point presentation which was appreciated.

Euphony, a Forane level cultural competition, was held on 11th December at St. Mary's Church, Andheri West. It was aimed at enabling the children to develop their innate talents and an opportunity to grow in love for Christ and His Church. Kristuraj Church secured 2nd position with 67 points. The Seniors group won 1st prize in Bible Quiz and Poster Making and 2nd prize in Kaleidoscope. The Juniors group won 2nd prize in Group Song and 3rd prize in Bible Quiz.

The Sub-Juniors group won 1st in Bible Quiz and Action Song and 3rd prize in Bible Depiction.

The children who secured 1st and 2nd position will participate in the finals on 27th December at St. Xavier's School, Kanjur Marg (West). On 18th December we conclude the activities of this year with Christmas celebration. The celebration included class wise Christmas tableau, Carol singing and presentation of gifts to Christmas friends.

-Mrs. Daisy Jose
Catechism Headmistress

## ONE WITH NATURE

Laudato Si' which means "Praise be to you"is the second Encyclical of Pope Francis. It is subtitled "On the care of our common home."This Encyclical is a wake-up call to the people of the world to understand the destruction inflicted upon the environment by man. The document addresses the many philosophical, theological, and cultural causes that threaten the relationship of man to nature and man to each other in various circumstances. "Praise be to you" is the first line of a canticle by St. Francis of Assisi that praises God and His Creation.

Praised be you, my Lord, with all your creatures,
especially Sir Brother Sun,
who is the day and through whom you give us light.
And he is beautiful and radiant with great splendour;
and bears a likeness of you, Most High.
Praised be you, my Lord, through Sister Moon and the stars,
in heaven you formed them clear and precious and beautiful.
Praised be you, my Lord, through Brother Wind,
and through the air, cloudy and serene, and every kind of weather
through whom you give sustenance to your creatures.
Praised be you, my Lord, through Sister Water,
who is very useful and humble and precious and chaste.
Praised be you, my Lord, through Brother Fire,
through whom you light the night,
and he is beautiful and playful and robust and strong".

On 5th September, the catechism department arranged a short trek through a tribal village or pada in the greens of Aarey Colony. The trek began with a visit to the cattle shed. The children were thrilled to see the Indian Red Cows and buffaloes. This was followed by a short climb on a hill which is the highest point in that area with alovely panoramic view. After a short break for lunch, we climbed down the hill and walked to a pada. On the way, we saw a man-made butterfly park. In the pada, the children saw paddy fields, vegetable farms and played in the streams catching fishes and crabs. It was a first-hand experience for many of them and they were all thrilled to be in close contact with nature. When we walk through the greenery, our senses are revived with the aroma of the greens and the beauty of nature. We recognize the difference in the quality of air as we are so used to inhaling air full of pollutants. It was a day well spent and the enthusiasm of the children was worth watching.

- Mr. Biju Augustine
St.Mary's Unit

# AN INFORMATIVE TREK TO AAREY













# FROM THE ALTAR BOYS' DIARY



**ALTAR BOYS' MEET - ARC PANVEL**





**PICNIC 2016**

### FUN WITH WORDS– ANSWERS

1. GIRL x BOY
2. UP x DOWN
3. WOMAN x MAN
4. DAY x NIGHT
5. RAINY x SUNNY
6. SUMMER x WINTER
7. CITY x VILLAGE
8. HIGH x LOW
9. SMILE x FROWN
10. BLACK x WHITE

# COLOURING FUN





*Wish you all*

*a very Happy Christmas*

*and*

*Happy New Year 2017*

**Pramod Pandurang Sawant**

*Corporator Ward No.74*

*Upvibhag Pramukh*


Baptised on
02/10/2016
ETHAN VINCY KANNATH
S/o Vincy & Siny
B/o Elizabeth
St. Thomas Unit,
Bhavani Nagar.





# CONGRATULATIONS!!



## TALENTIA 2016

## 2nd prize



# FIRST HOLY COMMUNION AND CONFIRMATION



## 6th November 2016

# 3rd Anniversary

14th November, 2016



# Mr. M P Varghese Melakayil

*A tribute to our beloved Father*

# PITHRUVEDI
# PARISH DAY 2016





